

# കുണ്ടൂർ
# പരി. അമലോത്ഭവ മാതാവിന്റെ ഇടവക

കുത്തിയതോട് (നോർത്ത്) ഇടവകാംഗങ്ങളായിരുന്ന കുണ്ടൂർ നിവാസികൾക്കുവേണ്ടി ഒരു പള്ളി ഉണ്ടാവുകയെന്നത് ചിരകാല സ്വപ്നമായിരുന്നു. തൃശ്ശൂർ വികാരിയാത്തിന്റെ പ്രഥമ ദേശീയ മെത്രാനായിരുന്ന അഭിവന്ദ്യ ജോൺ മേനാച്ചേരി പിതാവിന്റെ കാലത്താണ് ഇത് യാഥാർത്ഥ്യമായത്. കുണ്ടൂർ നിവാസികളുടെ അപേക്ഷ പ്രകാരം 1897-ൽ അഭിവന്ദ്യപിതാവ് പള്ളി പണിയാൻ അനുവാദം നല്കിയതനുസരിച്ച് കൂട്ടായ പരിശ്രമം നടന്നു. നാനാവിധ പ്രതിബന്ധങ്ങളെ അതിജീവിച്ച് അന്നത്തെ നസ്രാണി പ്രമുഖരായ ഐനിക്കൽ ലോന കൊച്ചുപൈലോയും, സഹോദരൻ തോമനും കൂടി പള്ളി പണിയാൻ വേണ്ട പണ്ടാരവക ഭൂമി സ്വന്തം സ്ഥലത്തുനിന്ന് നല്കി, നേതൃത്വം കൊടുത്തു. ഈറേത്ത് വീട്ടുകാരാണ് ആദിമ ക്രൈസ്തവർ.

## പള്ളി, ഇടവക

ഇപ്രകാരം 1897 സെപ്റ്റംബർ 22-ന് അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ കുണ്ടൂരിലെ കുരിശുപള്ളി 1898 മാർച്ച് 26-ന് അഭിവന്ദ്യ ജോൺ മേനാച്ചേരി മെത്രാൻ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു. അക്കാലത്ത് കുരിശുപള്ളി നടത്തിയിരുന്നത് ചക്കാലക്കൽ ബഹു. തോമ അച്ചൻ ആയിരുന്നെങ്കിലും പ്രഥമ വികാരിയായി നിയമിതനായത് ബഹു. സെബാസ്റ്റ്യൻ ചിറമ്മൽ (അവറാൻ) അച്ചനാണ്. സിമിത്തേരിയും വൈദികമന്ദിരവും യഥാകാലം നിർമ്മിച്ചു. ആരംഭത്തിലെ ചെറിയ ഇടവകയായിരുന്ന കുണ്ടൂർ, ക്രമേണ അംഗസംഖ്യയിലും മറ്റും വളർന്നുവന്നു. നാടിന്റെ പുരോഗതിയിൽ ഈ ക്രൈസ്തവ സമൂഹം വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്.

## പള്ളി പുനർനിർമ്മാണം

ബഹു. ജോസ് എ. വാഴപ്പിള്ളിയച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ (1978-82) 1980-ലാണ് ദേവാലയം ഭംഗിയായി പുനർനിർമ്മാണം നടത്തിയത്. മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവാദകർമ്മം നടത്തി. പള്ളിയുടെ മുഖവാരം 1981-ൽ ഐനിക്കൽ എ.പി. ആന്റണിയുടെ സഹായത്തോടെ മനോഹരമായി പുതുക്കിപ്പണിതു. പള്ളിയുടെ ശതാബ്ദിയാഘോഷം 1997-98-ൽ ഒരു വർഷം നീണ്ടുനിന്ന വിവിധ പരിപാടികളോടെ വികാരി ബഹു.



പാരിഷ് ഹാൾ

ജോൺ കവലക്കാട്ടച്ചന്റെ (Jr.) നേതൃത്വത്തിൽ വിപുലമായി നടത്തി.

## നവീന ദേവാലയം

ഇടവക ശതാബ്ദിയുടെ തുടർച്ചയായി പ്ലാൻ ചെയ്ത് പുതുതായി പണിതീർത്തതാണ് സമീപകാലത്ത് പ്രതിഷ്ഠിതമായ മനോഹര ദേവാലയം. ബഹു. മനോജ് കരിപ്പായി അച്ചന്റെ വിദഗ്ധമായ നേതൃത്വത്തിൽ ഇടവകയുടെ കൂട്ടായ്മയുടെ പ്രതീകമായി നിർമ്മിതമായ ഈ ദേവാലയത്തിന്റെ കൂദാശാകർമ്മം 2006 ഫെബ്രുവരി 23-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയുണ്ടായി.

## വൈദികമന്ദിരം



വൈദികമന്ദിരം

ദേവാലയ പുനർനിർമ്മാണത്തെത്തുടർന്ന് പണിയാരംഭിച്ച പുതിയ വൈദികമന്ദിരം ഭംഗിയായി പൂർത്തീകരിക്കുന്നതിന് ബഹു. വികാരി റവ. ഫാ. ജീജോ തുണ്ടത്തിൽ (2007-2008) വേണ്ടവിധം നേതൃത്വം നല്കി. പണിതീർന്ന വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പ് 2007 ഡിസംബർ 8-ന് ഇടവക മദ്ധ്യസ്ഥയായ അമലോത്ഭവനാഥയുടെ തിരുനാളിൽ അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ നടത്തി.

## കപ്പേളകൾ, ഗ്രോട്ടോ

പള്ളിക്ക് സമീപമുള്ള വി. അന്തോണീസിന്റെ കപ്പേള ഐനിക്കൽ എ.പി. കുരുവിള പണിതീർത്ത്



ഗ്രോട്ടോ

നല്കിയതാണ്. എല്ലാ ചൊവ്വാഴ്ചകളിലും ഈ കപ്പേളയിൽ നൊവേനയും മറ്റു തിരുക്കർമ്മങ്ങളും നടന്നുവരുന്നു. കുണ്ടൂർ ഇടവകയിലെ പായിതുരുത്ത് നിവാസികൾക്കായി പണിതിട്ടുള്ള വേളാങ്കണ്ണി മാത കപ്പേളയിൽ മാസംതോറും തിരുക്കർമ്മങ്ങൾ നടത്തിവരുന്നു. കുണ്ടൂർ അങ്ങാടിയിൽ നിർമ്മിച്ച വി. തോമാശ്ലീഹായുടെ കപ്പേള, പള്ളിയുടെ ശതാബ്ദിസ്മാരകമായി തലയുയർത്തിനില്ക്കുന്നു.



വേളാങ്കണ്ണിമാതാ കപ്പേള - പായിത്തുരുത്ത്



സെന്റ് മേരീസ് കപ്പേള
കുളത്തേരി



സെന്റ്. തോമസ് കപ്പേള
കുണ്ടൂർ ജംഗ്ഷൻ

കൂടാതെ സെന്റ് മേരീസ് കപ്പേള കുണ്ടൂർ കുളത്തോരിയിൽ സ്ഥിതിച്ചെയ്യുന്നു. ഇപ്പോഴത്തെ വികാരി ബഹു. ജോസഫ് ചെറുവത്തൂർ അച്ചന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഗ്രോട്ടോ 2009 ഒക്ടോബർ 21-ന് അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ചു.

## കോൺവെന്റ്



S.J.T. കോൺവെന്റ്

ഫ്രാൻസ് ആസ്ഥാനമായുള്ള Sisters of St. Joseph of Tarbes (S.J.T.) എന്ന സന്യാസിനിസമൂഹത്തിന്റെ ഒരു ഭവനം 2006-ൽ ഈ ഇടവകയിൽ സ്ഥാപിതമായി. ഇന്ത്യയിലെ ബാംഗ്ലൂർ പ്രോവിൻസിന് കീഴിലാണ് ഈ ഭവനം.



പഴയ പള്ളി